പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

26.10.2016 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*518

# തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ചോദ്യം

ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ. എൻ.എ നെല്ലിക്കുന്ന്
ശ്രീ.സി.മമ്മൂട്ടി :

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) തോട്ടം മേഖലയിലെ തൊഴിലാളികളെ സംബന്ധിച്ചും അവരുടെ തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ചുമുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ;

(എ)തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട്, 1959-ലെ കേരളാ പ്ലാന്റേഷൻ ലേബർ റൂൾസ് എന്നിവയിൽ അനുശാസിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറും, ചീഫ് ഇൻസ്പെക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന 11 പ്ലാന്റേഷൻ ഇൻസ്പെക്ടർമാരും മുഖേന നടപ്പിലാക്കി വരുന്നു. തൊഴിലാളിക്ക് ജോലി നിഷേധിക്കൽ, മറ്റു സേവന വേതന വ്യവസ്ഥ സംബന്ധിച്ച തൊഴിൽ തർക്കങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർ, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, ലേബർ കമ്മീഷണർ എന്നീ ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ട്. ഗ്രാറ്റുവിറ്റി, ബോണസ് സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിന് ഡെപ്യൂട്ടി ലേബർ കമ്മീഷണറെ നിയമിച്ചിട്ടുണ്ട്.

കൂടാതെ അനുരഞ്ജനത്തിലൂടെ പരിഹരിക്കാനാവാത്ത തൊഴിൽ തർക്കങ്ങളിൽ തീർപ്പു കൽപ്പിക്കുന്നതിന് ലേബർ കോടതികളും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളും സംസ്ഥാനത്ത് സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു.

സംസ്ഥാനത്ത് രണ്ട് ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ചെറുകിട തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കേരളാ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യാവുന്നതും ബോർഡ് നൽകിവരുന്ന ആനുകൂല്യങ്ങളായ പെൻഷൻ, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം എന്നീ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്. എന്നാൽ പ്ലാന്റേഷൻ ലേബർ ആക്റ്റിന് കീഴിൽ വരുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഈ ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ കഴിയില്ല.

(ബി) തോട്ടം തൊഴിലാളികൾക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള മിനിമം ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) 1959-ലെ കേരളാ പ്ലാന്റേഷൻ ലേബർ റൂൾസ് പ്രകാരം തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ആവശ്യമായ മിനിമം വേതനം, കുടിവെള്ള സൗകര്യം, മെഡിക്കൽ സൗകര്യം, ആശുപത്രി, ക്യാന്റീൻ, ക്രഷ്, വിദ്യാഭ്യാസം, താമസ സൗകര്യം, ഓവർടൈം വേജസ്, നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്, ആനുവൽ ലീവ്, സിക്ക്നെസ് ബെനിഫിറ്റ്,

മെറ്റേണിറ്റി ബെനിഫിറ്റ്, വെതർ പ്രൊട്ടക്ടീവ് തുടങ്ങിയവ ലഭിക്കുന്നതിന് വ്യവസ്ഥയുണ്ട്. ഇതിനു പുറമെ മരണപ്പെടുന്ന തൊഴിലാളികളുടെ നിയമാനുസൃത ആശ്രിതർക്ക് 2013-ലെ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതിപ്രകാരം 25000/- രൂപ വീതം ധനസഹായം സർക്കാർ നൽകുന്നു.

17.05.2016 - ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 76/2016/തൊഴിൽ പ്രകാരം മിനിമം വേതന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള കൂലിയും ക്ഷാമ ബത്തയും തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നുണ്ട്.

സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളുടെ കാര്യത്തിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കാൻ 2016-ൽ എന്തൊക്കെ നടപടികൾ പ്രസ്തുത സംവിധാനം വഴി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

(സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇടുക്കി ജില്ലയിൽ ജില്ലാ കളക്ടർ ചെയർമാനായും, പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ കൺവീനറും, തൊഴിലാളി പ്രതിനിധികളും ഉൾപ്പെട്ട പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർമാർ കൺവീനറും അതാത് പ്ലാന്റേഷൻ ഇൻസ്പെക്ടർമാരും തൊഴി ലാളി പ്രതിനിധികളും അംഗങ്ങളായി പ്രവർത്തിച്ചു വരുന്നു. താഴെ പറയുന്ന ആനുകൂല്യങ്ങൾ തോട്ടം തൊഴിലാളികൾക്കായി നടപ്പാക്കി വരുന്നു.

ഇടുക്കി ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയിൽ നിന്നും വിവാഹ ധനസഹായം, ഉന്നത വിദ്യാഭ്യാസ ധനസഹായം, മെഡിക്കൽ ക്യാമ്പ്, മരണാനന്തര ധനസഹായം, ചികിൽസാ ധനസഹായം, സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങളും തുടങ്ങിയ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്. വിവാഹ ധനസഹായത്തിന് 10,000/- രൂപയും മരണാനന്തര ധനസഹായത്തിന് 10,000/- രൂപയും വിദ്യാഭ്യാസ ധനസഹായത്തിന് സ്വാശ്രയ വിഭാഗ ത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 60,000/- രൂപ വരെയും മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ട്യൂഷൻ ഫീസിന്റെയും ഹോസ്റ്റൽ ഫീസിന്റെയും യഥാർത്ഥ തുക രസീതുകൾ പരിശോധിച്ചും നൽകി വരുന്നു. 20.2.2016-ൽ നടന്ന ഇടുക്കിജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ യോഗ തീരുമാനത്തിന്റെ അടി സ്ഥാനത്തിൽ വിവാഹ ധനസഹായ ഇനത്തിൽ 10,000/- രൂപ വീതം 55 പേർക്കും,വിദ്യാഭ്യാസ ധനസഹായ ഇനത്തിൽ 1,19,050/- രൂപ ഒരാൾക്കും മരണാനന്തര ധനസഹായ പദ്ധതി ഇനത്തിൽ 10,000/- രൂപ ഒരാൾക്കും ആനുകൂല്യങ്ങൾ നൽ കുക യുണ്ട ായി.

25.7.16 തീയതിയിൽ നടന്ന ഇടുക്കി ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ യോഗത്തിൽ വിവാഹ ധനസഹായ ഇനത്തിൽ 28 പേർക്ക് വിവാഹ ധനസഹായവും 6 പേർക്ക് വിദ്യാഭ്യാസ ധനസഹായവും ഒരാൾക്ക് ടി വിദ്യാർത്ഥി പഠിക്കുന്നത് സ്വാശ്രയ കേളേജിലാണോ എന്നത് അന്വേഷിച്ച് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

Sreelekha

സെക്ഷൻ ഓഫീസർ

25/10/16